"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരള സദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികളിൽ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് പരിശോധിക്കുന്നതിനായി Administrative Sanction committee രൂപീകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ(പി.പി) വകുപ്പ്**

സ.ഉ.(കൈ) നം.144/2025/LSGD തീയതി,തിരുവനന്തപുരം, 13-08-2025

---

പരാമർശം:-

1. 30.05.2025 ലെ സ.ഉ.(കൈ)നം.1/2025/PIEMD.
2. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ 04.07.2025 ലെ PIEM 1/51/2025-PIEMD നമ്പർ കത്ത്.
3. 28.07.2025 ലെ സ.ഉ.(കൈ)നം.3/2025/PIEMD.

**ഉത്തരവ്**

നവകേരള സദസ്സിൽ ഉയർന്നു വന്ന വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറി, ധനകാര്യ വകുപ്പിൽ നിന്നുള്ള പ്രതിനിധി, ആസൂത്രണ വകുപ്പിൽ നിന്നുള്ള പ്രതിനിധി, ചീഫ് എഞ്ചിനീയർ / സൂപ്രണ്ടിംഗ് എഞ്ചിനീയർ എന്നിവരെ ഉൾപ്പെടുത്തി Administrative Sanction committee രൂപീകരിക്കുന്നതിന് പരാമർശം (2) പ്രകാരം പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശ (3) ലെ പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം Administrative Sanction committee രൂപീകരിച്ച് ഉത്തരവാകുന്നു.

1. സ്പെഷ്യൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് - ചെയർപേഴ്സൺ

2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്-മെമ്പർ

3. ധനകാര്യ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി- മെമ്പർ

4. ആസൂത്രണ വകുപ്പ് സെക്രട്ടറിയുടെ പ്രതിനിധി- മെമ്പർ

5. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്- കൺവീനർ

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

എല്ലാ കമ്മിറ്റി അംഗങ്ങൾക്കും.
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയഭരണ വകുപ്പ്.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്.
ധനകാര്യ വകുപ്പ്.
ആസൂത്രണ വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Manju L S.
സെക്ഷൻ ഓഫീസർ
Date: 14-08-2025 10:21:26